**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2513** **12.03.2018-ൽ മറുപടിക്ക്**

## മേൽപ്പാലങ്ങളും മേൽനടപ്പാതകളും

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിലെ ചെറുതും വലുതുമായ ജംഗ്ഷനുകളിലെ ഗതാഗതകുരുക്ക് അഴിക്കുവാൻ ഏറ്റവും നല്ല തരത്തിൽ മേൽപാലങ്ങൾ നിർമ്മിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എ) കേരളത്തിലെ ചെറുതും വലുതുമായ ജംഗ്ഷനുകളിലെ ഗതാഗതകുരുക്ക് അഴിക്കുവാൻ ആവശ്യം വേണ്ട സ്ഥലത്ത് ഏറ്റവും നല്ല തരത്തിൽ മേൽപാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികളിൽ മേൽപാലങ്ങൾ നേരെ പോകുന്ന വാഹനങ്ങളെ മാത്രമേ പരിഗണിക്കുന്നുള്ളൂ. ആകയാൽ ജംഗ്ഷനുകളിൽ തിരിയേണ്ട വാഹനങ്ങൾക്ക് അധിക സ്ഥലം കണ്ടെത്തേണ്ടി വരും. ആയതിന് സ്ഥലം ഏറ്റെടുപ്പ്, നിലവിൽ താമസിക്കുന്നവരുടെ പുനരധിവാസം, മേൽ പാലത്തിന്റെ നിർമ്മാണം മുതലായവ കണക്കിലെടുത്ത് പദ്ധതി ചെലവ് കൂടുതലാകും. ആകയാൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നത് ഏറ്റവും ആവശ്യമായ ഇടങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമെ പ്രവൃത്തി ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) ജംഗ്ഷനുകളിൽ തിരക്കു കാരണം റോഡു മുറിച്ച് കടക്കുവാൻ കഴിയാത്ത അവസ്ഥ പരിഗണിച്ച് മേൽ നടപ്പാതകൾ ആവശ്യാനുസരണം നിർമ്മിക്കുവാൻ പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ? | (ബി) ജംഗ്ഷനുകളിൽ തിരക്കു കാരണം റോഡ് മുറിച്ചു കടക്കാൻ ബുദ്ധിമുട്ടുന്ന കാൽനടയാത്രക്കാർക്ക് സുഗമമായി റോഡ് മുറിച്ചുകടക്കാൻ മേൽനടപ്പാതകൾ, അംഗപരിമിതർ, വൃദ്ധ ജനങ്ങൾ, ഗർഭിണികൾ തുടങ്ങിയവർക്ക് ഉൾപ്പെടെ ഉതകും വിധമുള്ള കൺവേയർ ബെൽറ്റ് ലിഫ്റ്റോടുകൂടി നിർമ്മിക്കേണ്ടതുണ്ട്. എന്നാൽ ഇതിലേക്കായി ഒരു പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

S. Bindu

സെക്ഷൻ ഓഫീസർ